E-mail:srsthiruvalla@kau.in
Phone:0469 2604181

# കേരള കാർഷിക സർവ്വകലാശാല
## കാർഷിക ഗവേഷണ കേന്ദ്രം, കല്ലുങ്കൽ, തിരുവല്ല – 689102

നം: എ.ആർ.എസ്.II/1220//2025 തീയതി :15/09/2026

## വിജ്ഞാപനം

തിരുവല്ല കാർഷിക ഗവേഷണകേന്ദ്രത്തിലെ **Agricultural Entomology** വിഭാഗത്തിൽ ഒരു അസിസ്റ്റന്റ് പ്രൊഫസറിനെ പരമാവധി ഒരു വർഷത്തേക്ക്, സർവ്വകലാശാല വ്യവസ്ഥകൾക്ക് വിധേയമായി, കേരള പി.എസ്.സി പിന്തുടരുന്ന സംവരണക്രമം പാലിച്ച്, കരാർ അടിസ്ഥാനത്തിൽ നിയമിക്കുന്നതിന് **30/09/2026 രാവിലെ 10.00 മണിക്ക്** വാക്ക്-ഇൻ-ഇന്റർവ്യൂ നടത്തുന്നു. വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു.

| Sl No. | Discipline/Department | No.of vacancies | Qualifications | Consolidated Pay |
|---|---|---|---|---|
| 1. | **Agricultural Entomology** | 01 | **M.Sc Agriculture in Entomoloty with NET** | **Rs.44,100/-* (Max.)** |

***(Subject to the University orders/directions in this regard)**

താൽപര്യമുള്ളവർ വിദ്യാഭ്യാസ യോഗ്യത, ജനന തീയതി, വയസ്സ്, ജാതി, മേൽവിലാസം തുടങ്ങിയവ തെളിയിക്കുന്ന സർട്ടിഫിക്കറ്റുകൾ, മാർക്ക് ലിസ്റ്റുകൾ, തിരിച്ചറിയൽ രേഖ, സംവരണത്തിന് അർഹരാണെന്ന് തെളിയിക്കുന്ന രേഖകൾ തുടങ്ങിയവയുടെ അസ്സൽ, അവയുടെ സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പുകൾ, റിസർച്ച് പബ്ലിക്കേഷൻസ്, ടീച്ചിങ്/പോസ്റ്റ് ഡോക്ടറൽ എക്സ്പീരിയൻസ് സർട്ടിഫിക്കറ്റുകൾ മുതലായവ സഹിതം **അഭിമുഖത്തിന് 30/09/2026 രാവിലെ 10.00 മണിക്ക് തിരുവല്ല കാർഷിക ഗവേഷണകേന്ദ്രത്തിലെ ആഫീസിൽ എത്തിച്ചേരേണ്ടതാണ്.** സർട്ടിഫിക്കറ്റ് പരിശോധനയ്ക്ക് ശേഷം അഭിമുഖം ആരംഭിക്കുന്നതാണ്.

വ്യവസ്ഥകളും നിബന്ധനകളും

- നിയമനരീതി : പൂർണ്ണമായും താല്ക്കാലികവും കരാർ അടിസ്ഥാനത്തിലും ആയിരിക്കും. പരമാവധി ഒരു വർഷത്തേക്കോ, സർവ്വകലാശാല സ്ഥിരം നിയമനം/സ്ഥലംമാറ്റം മുഖേന ഒഴിവു നികത്തൽ നടത്തുന്നതുവരെയോ, ഏതാണോ ആദ്യം അതുവരെ ആയിരിക്കും സേവന കാലാവധി. കരാർ കാലാവധി അവസാനിച്ചതിനുശേഷം പുനർനിയമനത്തിന് അർഹതയുണ്ടായിരിക്കുന്നതല്ല.
- **01/01/2026** ന് **50** വയസ്സ് പൂർത്തീകരിക്കാൻ പാടുള്ളതല്ല. നിലവിലുള്ള സർക്കാർ മാനദണ്ഡങ്ങൾ പ്രകാരമുള്ള പ്രായപരിധി ഇളവുകൾ സംവരണ വിഭാഗത്തിൽപ്പെട്ട ഉദ്യോഗാർത്ഥികൾക്ക് ലഭിക്കുന്നതാണ്. നിയമനത്തിന് സംവരണാനുകൂല്യം ലഭിക്കുന്നതിന് **SC/ST** വിഭാഗത്തിൽപ്പെടുന്ന ഉദ്യോഗാർത്ഥികൾ റവന്യൂ അതോറിറ്റി നൽകുന്ന കമ്മ്യൂണിറ്റി സർട്ടിഫിക്കറ്റും, **OBC** വിഭാഗത്തിൽപ്പെടുന്ന ഉദ്യോഗാർത്ഥികൾ നോൺക്രീമിലെയർ സർട്ടിഫിക്കറ്റും അഭിമുഖത്തിന് പങ്കെടുക്കുമ്പോൾ ഹാജരാക്കേണ്ടതാണ്.
- നെറ്റ്/**Ph.D** യോഗ്യതയുള്ള ഉദ്യോഗാർത്ഥികളുടെ അഭാവത്തിൽ ബന്ധപ്പെട്ട വിഷയത്തിൽ ബിരുദാനന്തര ബിരുദമുള്ളവരേയും പരിഗണിക്കും.
- അഭിമുഖത്തിൽ പങ്കെടുക്കുന്നതിന് **TA/DA** നൽകുന്നതല്ല.

(മറുപുറം)

- ശമ്പളം : പ്രതിമാസ പ്രതിഫല തുക ഇതുമായി ബന്ധപ്പെട്ട സർവ്വകലാശാല ഉത്തരവുകൾക്കും നിർദ്ദേശങ്ങൾക്കും വിധേയമായിരിക്കും. നിലവിൽ പ്രതിമാസ പ്രതിഫലം 44,100/-രൂപ (നാൽപ്പത്തിനാലായിരത്തി ഒരുന്നൂറ് രൂപ മാത്രം) മൊത്തം തുകയായി നിശ്ചയിച്ചിരിക്കുന്നു. വേതനം ലഭിക്കുന്നതല്ലാതെ മറ്റൊരു അവകാശവും ടി വ്യക്തിക്ക് സർവ്വകലാശാലയിൽ ഉണ്ടായിരിക്കുന്നതല്ല.
- അഭിമുഖത്തിൽ പങ്കെടുക്കുന്നവരുടെ എണ്ണം 25 ൽ കൂടുതൽ ആണെങ്കിൽ അഭിമുഖം ആരംഭിക്കുന്നതിന് മുമ്പ് ആവശ്യമെങ്കിൽ ഒരു എഴുത്ത് പരീക്ഷ നടത്തുന്നതായിരിക്കും.
- തെരഞ്ഞെടുക്കപ്പെടുന്നയാൾ **KAU Act/Statute** അനുസരിച്ച് ആ തസ്തികയിൽ നിഷ്കർഷിച്ചിട്ടുള്ള ചുമതലകൾ എല്ലാം തന്നെ നിർവ്വഹിക്കേണ്ടതാണ്.
- കരാർ അടിസ്ഥാനത്തിൽ നിയമിക്കപ്പെടുന്ന അസിസ്റ്റന്റ് പ്രൊഫസർ, ജോലിയിൽ പ്രവേശിക്കുന്ന ദിവസം തന്നെ കരാർ നിയമന വ്യവസ്ഥകൾ പ്രകാരമുള്ള ഉടമ്പടി 200 രൂപ മുദ്രപത്രത്തിൽ തയ്യാറാക്കി നൽകേണ്ടതാണ്.
- കരാർ അടിസ്ഥാനത്തിൽ നിയമിക്കപ്പെടുന്ന ഉദ്യോഗാർത്ഥിയുടെ സേവനം തൃപ്തികരമല്ലെന്ന് ബോധ്യപ്പെടുന്ന പക്ഷം ടിയാന്റെ/ടിയാളുടെ സേവനം മുന്നറിയിപ്പ് കൂടാതെ അവസാനിപ്പിക്കുന്നതിനുള്ള അധികാരം സ്ഥാപന മേധാവിക്ക് ഉണ്ടായിരിക്കുന്നതാണ്.
- കരാർ അടിസ്ഥാനത്തിൽ നിയമിക്കപ്പെടുന്ന ഉദ്യോഗാർത്ഥി കാലാവധി പൂർത്തിയാക്കുന്നതിന് മുൻപ് സ്വയമേധാ പിരിഞ്ഞു പോകാൻ താൽപ്പര്യപ്പെടുന്നുണ്ടെങ്കിൽ ഒരു മാസം മുൻകൂറായി നോട്ടീസ് നൽകേണ്ടതാണ്. അല്ലാത്തപക്ഷം ഒരു മാസത്തെ പ്രതിഫലത്തിന് തുല്ല്യമായ തുക പിഴയായി ഒടുക്കേണ്ടതാണ്.
- കേരള പി.എസ്.സി പിന്തുടരുന്ന റൊട്ടേഷൻ ക്രമം പാലിച്ചായിരിക്കും കരാർ നിയമനം നടത്തുന്നത്. നിശ്ചിത കാറ്റഗറിയിലുള്ള ഉദ്യോഗാർത്ഥികളെ ലഭിക്കാത്ത സാഹചര്യത്തിൽ മറ്റുള്ളവരേയും പരിഗണിക്കുന്നതായിരിക്കും.

ഡോ.ഗ്ലാഡിസ്.ആർ,
പ്രൊഫസർ ഹെഡ്ഡ്.

ടു,

1. കെ.എ.യു വെബ്സൈറ്റ്.
2. നോട്ടീസ് ബോർഡ്, എ.ആർ.എസ്, തിരുവല്ല.